## സ്പോൺസർഷിപ്പ്

കുട്ടികളുടെ ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി അർഹമായ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായ പദ്ധതിയാണിത്. പ്രതിമാസം 2000/- രൂപയാണ് ധനസഹായം നൽകുന്നത്. നിലവിൽ ജില്ലയിൽ 71 പേർക്ക് ധനസഹായം നൽകുന്നുണ്ട്.

## ഫോസ്റ്റർ കെയർ (പോറ്റി വളർത്തൽ)

മാതാപിതാക്കൾക്ക് പല കാരണങ്ങൾ കൊണ്ടും കൂടെ നിർത്താൻ കഴിയാത്ത കുട്ടികളെ മറ്റൊരു കുടുംബത്തിൽ വളർത്തുന്ന രീതിയാണ് പോറ്റി വളർത്തൽ. മറ്റൊരു കുടുംബം എന്നാൽ അകന്ന ബന്ധത്തിലുള്ളവരോ ബന്ധമില്ലാത്തവരോ ആകാം. സ്ഥാപനത്തിൽ നിർത്താതെ കുട്ടികളെ സ്നേഹമസൃണമായ കുടുംബാന്തരീക്ഷത്തിൽ വളരാൻ സാഹചര്യമൊരുക്കുക എന്നതാണ് പോറ്റി വളർത്തലിന്റെ മുഖ്യ ലക്ഷ്യം. കുട്ടികളെ പോറ്റി വളർത്തുന്നതിന് തയ്യാറുള്ള കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കാവുന്നതാണ്. സ്കൂൾ വേനലവധിക്കാലത്തേയ്ക്കുള്ള വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതിയും നടപ്പിലാക്കി വരുന്നു.

## ബാലനിധി

18 വയസ്സിനു താഴെയുള്ളവരും, ജെ.ജെ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതുമായ കുട്ടികളുടെ ക്ഷേമം, പുനരധിവാസം,സംരക്ഷണം, വിദ്യാഭ്യാസം, ചികിത്സയുൾപ്പടെയുള്ള കാര്യങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി

# മറ്റ് പ്രധാന പ്രവർത്തനങ്ങൾ

## ഓ ആർ സി (ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ)

സ്വഭാവ, വൈകാരിക, പഠന, മാനസിക, സാമൂഹിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ സ്കൂൾ തലത്തിൽ ശാസ്ത്രീയമായി കണ്ടെത്തി സഹായിക്കുന്നതിനും വിദഗ്ദ പരിചരണം ഉറപ്പാക്കുന്നതുമാണ് ഓ ആർ സി പദ്ധതിയുടെ മുഖ്യ ലക്ഷ്യം. നിലവിൽ ജില്ലയിൽ 20 സ്കൂളിൽ പദ്ധതി നടപ്പിലാക്കുന്നു.

## കാവൽ

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇത് കൊല്ലങ്കോടുള്ള ആശ്രയം റൂറൽ ഡെവലപ്പ്മെന്റ് സൊസൈറ്റി, ഷൊർണൂരുള്ള മിത്ര ബിഹേവ്യറൽ സയൻസ് എന്നീ സന്നദ്ധ സംഘടനകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

# കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമപരമായ സ്ഥാപനങ്ങൾ

## ചൈൽഡ് വെൽഫയർ കമ്മിറ്റി (Child Welfare Committee-[CWC])- 0491- 2556494

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ അവരുടെ പിനരധിവാസവുമായി ബന്ധപ്പെട്ട തീരുമാനം എടുക്കുന്നത് ചൈൽഡ് വെൽഫയർ കമ്മിറ്റിയാണ്.

## ജുവനൈൽ ജസ്റ്റിസ് ബോർഡ് (Juvenile Justice Board - JJB)- 0491- 255 6494

ബാലനീതി നിയമം 2015 പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യത്തിൽ തീരുമാനം കൈകൊള്ളേണ്ട സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്.

## സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)

കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ പോലീസ് പ്രവർത്തനങ്ങളും ഏകീകരിച്ച് നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയിലും പ്രത്യേക പോലീസ് യൂണിറ്റ് ബാലനീതി നിയമം വ്യവസ്ഥ ചെയ്യുന്നു.

## ചൈൽഡ് ലൈൻ (1098), ശിശുക്ഷേമ സമിതിയുടെ തണൽ (1517)

കുട്ടികൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ടേലിഫോൺ സംവിധാനമാണിത്.

Impressions, Pkd. Ph : 2578085

കേരള സർക്കാർ
വനിതാ ശിശു വികസന വകുപ്പ്

# ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്

മുനിസിപ്പൽ കോപ്ലക്സ്, റോബിൻസൺ റോഡ്
പാലക്കാട് – 678001
Phone: 0491 - 2531098, Mob: 8281899468, E-mail: dcpupkd@gmail.com



# സംയോജിത ശിശു സംരക്ഷണ പദ്ധതി

Scanned by CamScanner

## കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താത്പര്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംയോജിത ശിശു സംരക്ഷണ പദ്ധതി

കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താൽപര്യ സംരക്ഷണവും ഉറപ്പു വരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖാന്തരം ഈ പദ്ധതി നടപ്പിലാക്കി

### ഇടപെടൽ മേഖലകൾ

- ലൈംഗിക, ശാരീരിക, മാനസിക പീഡനത്തിന് ഇരയാകുന്ന കുട്ടികൾ, ബാലവേല, ബാല ഭിക്ഷാടനം തുടങ്ങിയവയ്ക്ക് ഇരയാകുകയോ ഇരയാകാൻ സാധ്യതയുള്ളതോ ആയ കുട്ടികൾ
- ശൈശവ വിവാഹത്തിന് ഇരകളാകുന്ന കുട്ടികൾ
- കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന കുട്ടികൾ
- സ്കൂളിൽ നിന്നും കൊഴിഞ്ഞ് പോകുന്ന കുട്ടികൾ
- രോഗങ്ങൾ കൊണ്ട് ഉഴലുന്ന മാതാപിതാക്കളുടെ കുട്ടികൾ
- ഭിന്നശേഷിയുള്ള കുട്ടികൾ
- കടുത്ത രോഗങ്ങൾ അനുഭവിക്കുന്ന കുട്ടികൾ
- കുറ്റകൃത്യത്തിൽപ്പെട്ടതോ, പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികൾ-

  ഇപ്രകാരമുള്ള കുട്ടികൾ നിങ്ങളുടെ ശ്രദ്ധയിൽ വന്നാൽ താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സംവിധാനത്തിൽ അറിയിക്കുക.

- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ (ഡി സി പി യു) അറിയിക്കുക.
- നേരിട്ടോ ഫോണിലൂടെയോ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അറിയിക്കുക
- തൊട്ടടുത്ത പോലീസ് സ്റ്റേഷനിലെ ശിശു സംരക്ഷണ സേവനത്തിനായുള്ള ഓഫീസറെ അറിയിക്കുക.
- ചൈൽഡ് ലൈനിന്റെ സൗജന്യ നമ്പറായ 1098ൽ ബന്ധപ്പെടുക.
- വാർഡ്/ പഞ്ചായത്ത് തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയിൽ അറിയിക്കുക.

### ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിന്നുമുള്ള സേവനങ്ങൾ

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുക - അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- സോഷ്യൽ മാപ്പിംഗ്, ക്രൈം മാപ്പിംഗ്, വൾണറബിലിറ്റി മാപ്പിംഗ്, ചൈൽഡ് ട്രാക്കിംഗ് എന്നി പ്രവർത്തനങ്ങൾ നടത്തുക.
- ത്രിതല പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും ഉറപ്പ് വരുത്തുക
- കാണാതാവുകയോ, അലഞ്ഞുതിരിയുകയോ, അന്യ സംസ്ഥാനത്ത് നിന്നും ഒറ്റയ്ക്ക് എത്തപ്പെട്ടതോ ആയ കുട്ടികളെ കണ്ടെത്തി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുക.
- ബാലസംരക്ഷണത്തിനായിട്ടുള്ള ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളുടെ പ്രവർത്തന വിലയിരുത്തലും ഏകോപനവും മേൽനോട്ടവും
- ജില്ലയിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ ജെ ജെ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപ്പിലാക്കൽ
- ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കും നിയമവുമായി സമരസപ്പെടാത്ത കുട്ടികൾക്കും സൗജന്യ കൗൺസിലിംഗും നിയമ സഹായവും നൽകൽ.

## ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് വഴി ലഭ്യമാകുന്ന മറ്റ് സേവനങ്ങൾ സ്ഥാപന കേന്ദ്രീകൃത സേവനങ്ങൾ :

### ചിൽഡ്രൻസ് ഹോം

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ (CNCP) താൽക്കാലികമായി പാർപ്പിക്കുന്ന സദനം. ആൺകുട്ടികൾക്കായി മുട്ടികുളങ്ങരയിലാണ് ചിൽഡ്രൻസ് ഹോം പ്രവർത്തിക്കുന്നത്.
- ചൈൽഡ് വെൽഫർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരമാണ് സ്ഥാപനത്തിൽ പ്രവേശനം ലഭ്യമാകുന്നത്.

### ഒബ്സർവേഷൻ ഹോം

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ (CCL) താൽക്കാലികമായി സംരക്ഷിക്കുവാനുള്ള സദനം. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവ് പ്രകാരമാണ് പ്രവേശനം ലഭ്യമാകുന്നത്. തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്നു.

### സ്പെഷ്യൽ ഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ പുനരധിവസിപ്പിക്കാനുള്ള സദനം. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ വിധി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ആൺകുട്ടികളെയും കോഴിക്കോട് പെൺകുട്ടികളെയും താമസിപ്പിക്കുന്നു.

### പ്ലേസ് ഓഫ് സേഫ്റ്റി

നിരന്തരമായി കുറ്റങ്ങളിൽ ഏർപ്പെടുന്ന കുട്ടികളെയും 16 വയസ്സായ ശേഷം ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്യുകയും കുട്ടികളുടെ കോടതി വിധി കൽപ്പിക്കുന്ന പക്ഷം ശിക്ഷാ നടപടിയായി താമസിപ്പിക്കുവാൻ അയക്കുന്ന സദനമായ പ്ലേസ് ഓഫ് സേഫ്റ്റിയിൽ 21 വയസ്സ് വരെ കുട്ടികളെ താമസിപ്പിക്കുന്നു. തൃശ്ശൂരിലാണ് സദനം സ്ഥിതി ചെയ്യുന്നത്.

### ഷെൽട്ടർ ഹോം

വ്യത്യസ്ത കാരണങ്ങളാൽ/ സാഹചര്യങ്ങളാൽ താമസ സ്ഥലം നഷ്ടപ്പെടുകയോ/ താൽക്കാലിക താമസം ആവശ്യമായി വരികയോ ചെയ്യുന്ന കുട്ടികൾക്കുള്ള താൽക്കാലിക സംരക്ഷണ കേന്ദ്രം.

## സ്ഥാപനേതര സേവനങ്ങൾ

### ദത്തെടുക്കൽ (Adoption) - സ്നേഹപൂരിതമായൊരു ബന്ധം

ജന്മം നൽകിയ മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട കുട്ടികളോ സാമൂഹിക, സാമ്പത്തിക കാരണങ്ങളാൽ സ്വന്തം നിലയിൽ കുട്ടിയെ വളർത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ പൂർണ്ണ സമ്മതത്തോട് കൂടി ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരോ സംരക്ഷിക്കാൻ രക്ഷിതാക്കളില്ലാതെ പൂർണ്ണമായി അനാഥരായവരോ ആയ കുഞ്ഞുങ്ങളെ എല്ലാവിധ അവകാശങ്ങളോടും അധികാരങ്ങളോടും ഉത്തരവാദിത്വങ്ങളോടും കൂടി യോഗ്യതയുള്ള - അപേക്ഷ സമർപ്പിച്ച മാതാപിതാക്കൾ നിയമപരമായി ഏറ്റെടുക്കുന്ന പ്രക്രിയയാണ് ദത്തെടുക്കൽ.

വിവാഹ പദവി കണക്കിലെടുക്കാതെ ഏതൊരു വ്യക്തിക്കും കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കും സ്വന്തം മക്കളുള്ള മാതാപിതാക്കൾക്കും ദത്തെടുക്കാവുന്നതാണ്.

വിശദ വിവരങ്ങൾ : www.cara.nic.in ൽ ലഭ്യമാണ്.

Scanned by CamScanner